# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2900** **13.03.2020-ൽ മറുപടിയ്ക്ക്**

**മത്സ്യത്തിൽ മായം ചേർത്തു വിൽക്കുന്നതിനെതിരെയുള്ള നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മത്സ്യങ്ങളിൽ നല്ലൊരു ശതമാനത്തിലും ഫോർമാലിൻ, കൂടിയ അളവിൽ അമോണിയ, മറ്റ് കെമിക്കലുകൾ എന്നിവ ചേർത്തു വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മത്സ്യങ്ങളിൽ നല്ലൊരു ശതമാനം മായം കലർന്നവയാണെന്നത് ശരിയല്ല. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മത്സ്യങ്ങളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നവയിൽ ഫോർമാലിൻ, അമോണിയ മുതലായവയുടെ അനുവദനീയമായ തോതിൽ കൂടുതൽ സാന്നിദ്ധ്യം കണ്ടെത്താനായിട്ടുണ്ട്. സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളിലും കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലും പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിൽ രാസമാലിന്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) എങ്കിൽ ഇത്തരം പ്രവണതകൾ തടയുന്നതിനും, ജനങ്ങൾക്ക് മായമില്ലാത്ത നല്ല മത്സ്യം ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | ബി) ഗുണനിലവാരമുള്ളതും രാസവസ്തുക്കൾ ചേർക്കാത്തതുമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ ഭക്ഷ്യസുരക്ഷാ വകുപ്പ് "ഓപ്പറേഷൻ സാഗർറാണി " എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തിയുള്ള വിൽപ്പന തടയുവാൻ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾ തോറും രൂപീകരിച്ച് പരിശോധന നടത്തി വരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാൻറിങ്ങ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതു മൂലം ഉണ്ടാകുന്ന |

ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും, ഏജൻറുമാർക്കും മൊത്ത വ്യാപാരികൾക്കും ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുരേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ഇതു കൂടാതെ വിവിധ ഹാർബറുകളിൽ നിന്നും മത്സ്യ മാർക്കറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനകളും നടത്തി വരുന്നു.

സി) മായം ചേർത്ത് മത്സ്യം വിറ്റതിന്റെ പേരിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെയായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര ആളുകൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് 31 കേസുകൾ സംസ്ഥാനത്ത് ഒട്ടാകെ ഫയൽ ചെയ്തിട്ടുണ്ട്. ആകെ ഫയൽ ചെയ്ത കേസുകളിൽ 3 കേസുകളിലാണ് കോടതി വിധി വന്നിട്ടുള്ളത്. രണ്ട് കേസുകളിൽ 10,000/- രൂപ വീതം 20,000/- രൂപ പിഴ വിധിക്കുകയും ഒരു കേസ് വെറുതെ വിടുകയും ചെയ്തിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ഇത്തരം പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ഡി) ഇതര സംസ്ഥാനങ്ങളിൽ നിന്നു വരുന്ന മത്സ്യങ്ങൾ ചെക് പോസ്റ്റുകളിൽ തന്നെ പരിശോധിക്കുന്നതിനും, കേരളത്തിലെ മത്സ്യമാർക്കറ്റുകളിൽ കൃത്യമായ ഇട വേളകളിൽ പരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഡി) സംസ്ഥാനത്തിന് പുറത്തുനിന്ന് വിൽപ്പനക്കായി എത്തുന്ന മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനും ത്വരിത പരിശോധന നടത്തുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ചെക്ക്പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ ശക്തമായ പരിശോധന നടത്തിവരുന്നു. കേന്ദ്രസർക്കാർ ഗവേഷണ സ്ഥാപനമായ Central Institute of Fisheries Technology വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി Hi-Media Company വ്യവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉൽപാദനം സാധ്യമാക്കിയിട്ടുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**